ശ്രീ. സി. അച്യുതമേനോൻ : ജില്ലാ അടിസ്ഥാനത്തിൽ റിക്രൂട്ടുമെൻറ് സാദ്ധ്യമല്ല. റിക്രൂട്ടുമെൻറ് പബ്ലിക്ക് സർവ്വീസ് കമ്മിഷൻ തന്നെയാണ് നടത്തേണ്ടതു്. റിക്രൂട്ട ചെയ്യുകഴിഞ്ഞാൽ ഏതെങ്കിലും 'ഡിസ്ട്രിക്'റിൽ അലോട്ട ചെയ്യുന്നതിനു് യാതൊരു വിരോധവുമില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ : ഏതെങ്കിലും ഒരു പ്രത്യേക ജില്ലയിൽ അപ്പായിന്റുമെൻറ കിട്ടിയാൽ അവിടെ വേക്കൻസി വന്നെങ്കിലല്ലാതെ പ്രമോഷനോ, കൺഫർമേഷനോ കിട്ടാനു സാധിക്കുന്നില്ല. അതു മാറുന്നതിനു വല്ല നടപടിയും എടുക്കുമോ ?

ശ്രീ. സി. അച്യുതമേനോൻ : ഇന്നു് ഇതിൻറ യാഥാർത്ഥ്യം എന്താണെന്നു് പഠിക്കാൻ വേണ്ടിയാണു് ഈ നടപടി എടുത്തിട്ടുള്ളതു്.

തിരുവനന്തപുരം ഉറമുഖത്തു് കയറിയിറക്കുമതിക്കുള്ള സാദ്ധ്യതകൾ.

* 1475. [38] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ഉറമുഖത്തുള്ള കയറുമതി ഇറക്കുമതി സാദ്ധ്യതകൾ വർദ്ധിപ്പിക്കാനുള്ള സാദ്ധ്യതകളെപ്പറ്റി ഗവണ്മെൻറ് ആലോചിച്ചിട്ടുണ്ടോ ;

(ബി) കയറുമതിക്കും ഇറക്കുമതിക്കും സാദ്ധ്യതയുള്ള സാധനങ്ങൾ ഏതെല്ലാമാണു് ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി അബ്ദുൾ മജീദ്) :

(എ) ഉണ്ടു് ; ഇതു സംബന്ധിച്ചു് ഗവണ്മെൻറ് അടുത്ത കാലത്തു് ബന്ധപ്പെട്ട കക്ഷികളുടെ ഒരു സമ്മേളനം വിളിച്ചുകൂട്ടുകയുണ്ടായി. സമ്മേളനത്തിലെ തീരുമാനമനുസരിച്ചു് ഈ ഉറമുഖത്തിലെ ഒരു ട്രാഫിക്കു് സർവ്വേ നടത്തുന്നതിലേക്കായി നിർദ്ദേശം കൊടുത്തിട്ടുണ്ടു്.

(ബി) മേൽ പ്രസ്താവിച്ച ട്രാഫിക്കു് സർവ്വേ പൂർത്തിയാക്കിയതിനു ശേഷമേ ഇതു സംബന്ധിച്ച വിശദവിവരം ലഭ്യമാകുകയുള്ളു.

രാഷ്ട്രപതിയിൻ വിജയം

* 1476. [39] ശ്രീ. എൻ. கணபதி : கீழ் காணும் விலக்களுக்கு முதன் மந்திரி அவர்கள் விடை பகர்வார்களாக :

கடந்த மாதம் 29, 30 தேதியில் ராஷ்டிரபதி ஸ்ரீ. ராஜேந்திர பிரசாத் இங்கு விஜயம் செய்த வகையில் எத்தனை ரூபாய் செலவாகியது?

பொதுமராமத்துவகுப்புமந்திரி (ശ്രീ. ടി. അബ്ദുൾമജീദ്):

പ്രസിഡൻറിൻറ സന്ദർശനത്തിനു് 29, 30 എന്നീ തീയതികളിൽ വന്നിട്ടുള്ള ചെലവിനെപ്പറ്റിയാണു് ചോദ്യം. 2255 രൂപയോളം ചെലവായിട്ടുണ്ടു്.

ശ്രീ. എൻ. கணபதி : ராஷ்டிரபதிகளுக்கு சரியான முறையில் வரவேற்பும் மதிப்பும் சர்க்காரால் அளிக்கப்படவில்லை என்ற வதந்தி உண்மையா ?

ശ്രീ. ടി. അബ്ദുൾ മജീദ് : അതു വളരെ തെറ്റാണു്. അടിസ്ഥാനരഹിതമാണു്.

LIBRARY ARCHIVES Kerala Legislative Assembly